# Malayala Manorama

## 19 August 2018

## Kochi, Flood, Flood Relief, Emergency Aid



പ്രധാനമന്ത്രി നരേന്ദ്ര മോദി ഹെലികോപ്റ്ററിൽ കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങൾ നിരീക്ഷിക്കുന്നു.

### കേരളം ചോദിച്ചത് രണ്ടായിരം കോടി രൂപ

# പ്രധാനമന്ത്രി തന്നത് 500 കോടി

■ മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ടുലക്ഷം രൂപ

**മനോരമ ലേഖകൻ**

കൊച്ചി • പ്രളയക്കെടുതി നേരിൽ കണ്ട പ്രധാനമന്ത്രി നരേന്ദ്ര മോദി 500 കോടി രൂപയുടെ അടിയന്തര ധനസഹായം പ്രഖ്യാപിച്ചു. ആഭ്യന്തരമന്ത്രി രാജ്നാഥ് സിങ് 12നു പ്രഖ്യാപിച്ച 100 കോടിക്കു പുറമേയാണിത്.

മരിച്ചവരുടെ കുടുംബങ്ങൾക്കു രണ്ടുലക്ഷം രൂപ വീതവും ഗുരുതരമായി പരുക്കേറ്റവർക്ക് 50,000 രൂപ വീതവും ദേശീയ ദുരിതാശ്വാസ നിധിയിൽനിന്നു നൽകും. ഭക്ഷ്യധാന്യങ്ങളും മരുന്നും ആവശ്യപ്പെടുന്ന മുറയ്ക്കു ലഭ്യമാക്കും. സാമൂഹിക സുരക്ഷാപദ്ധതി ഗുണഭോക്താക്കൾക്കു യഥാസമയം നഷ്ടപരിഹാരം നൽകാൻ പ്രത്യേക ക്യാംപുകൾ നടത്താൻ പ്രധാനമന്ത്രി ഇൻഷുറൻസ് കമ്പനികൾക്കു നിർദേശം നൽകി. ഫസൽ ബീമ യോജന പ്രകാരമുള്ള കർഷക ക്ലെയിമുകൾ എത്രയും വേഗം അനുവദിക്കാനും നിർദേശമുണ്ട്. വീടു നഷ്ടപ്പെട്ടവർക്കു പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ ഭവനപദ്ധതിയിൽ മുൻഗണന നൽകും.

മുഖ്യമന്ത്രി പിണറായി വിജയനുമായുള്ള ചർച്ചയ്ക്കുശേഷമാണു സഹായം അനുവദിച്ചത്. പ്രാഥമിക കണക്കുകൾപ്രകാരം 19,512 കോടി രൂപയുടെ നഷ്ടമുണ്ടെന്നാണു മുഖ്യമന്ത്രി പ്രധാനമന്ത്രിയെ അറിയിച്ചത്. അടിയന്തരമായി 2000 കോടി രൂപ കേരളം ആവശ്യപ്പെട്ടു.

പ്രളയബാധിതമായ ആലുവ, തൃശൂർ ഭാഗങ്ങളിൽ വ്യോമനിരീക്ഷണം നടത്തിയ പ്രധാനമന്ത്രിക്കൊപ്പം മുഖ്യമന്ത്രിക്കു പുറമേ ഗവർണർ പി.സദാശിവം, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം എന്നിവരുമുണ്ടായിരുന്നു. പ്രതികൂല കാലാവസ്ഥ കാരണം ഒരു തവണ ഹെലികോപ്റ്റർ വ്യൂഹം തിരിച്ചിറക്കേണ്ടതായും വന്നു.

ഉൾപേജ്
പ്രധാനമന്ത്രിക്കും വഴി മുടക്കി പേമാരി